# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

യു.പി.എസ് താണിക്കുടം.

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാരരൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്തഡയറി, സചിത്രപുസ്തകം, സ്വതന്ത്രരചന എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതും ആയ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.

# മലയാളം

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികാസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പറയാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്ന് ഉറപ്പുവരുത്തുക.
* ഒറ്റ സംഖ്യയും രണ്ട സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവു നേടുക.
* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

* കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

ജൂൺ

- അധ്യാപികയും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
- രക്ഷിതാക്കൾ കഥാവതരണം നടത്തുന്നു.
- ആശയം ഗ്രഹിച്ച് കഥാസംഗ്രഹം പറയുന്നു.

ജൂലൈ

- അധ്യാപിക കഥാപുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
- വീട്ടുവായന - രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ച് കേൾപ്പിക്കുന്നു.
- കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
- ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നു.
- ചിത്ര കാർഡുകൾ, വായനകൾ, നിർമാണ ശില്പശാല
- ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ.

## ആഗസ്റ്റ്

- തിയേറ്റർ സങ്കേതങ്ങൾ, വായനാ കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കൽ.
- കഥയുടെ പുനരവതരണം വ്യത്യസ്തവ്യവഹാര രൂപങ്ങളിലൂടെയും പഠനോപകരണങ്ങളുടെ സഹായത്തോടെയും അവതരിപ്പിക്കൽ.

## സെപ്തംബർ

- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
- ചിത്രങ്ങൾക്ക് സഹായത്തോടെ അടിക്കുറിപ്പെഴുതൽ
- ചിത്ര വായനാ കാർഡുകൾ തയ്യാറാക്കൽ
- കൂട്ടുവായന - കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

## ഒക്ടോബർ

- ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു.
- വേദികളിൽ സ്വതന്ത്രമായി കഥ പറയുന്നു.

നവംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
- കുട്ടികൾ നിർമിച്ച കഥകളുടെ പ്രകാശനം
- നാട്ടുവായന - കുട്ടികൾ നിർമിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

ഡിസംബർ

- സ്വന്തമായി സ്വതസിദ്ധമായ ശൈലിയിൽ കഥ പറയാൻ പ്രാപ്തരാക്കുന്നു.

ജനുവരി

- അധ്യാപിക മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- വായനാ കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കൽ

ഫെബ്രുവരി

- ചെറിയ ബാല സാഹിത്യ കൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു.
- രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

| | | | |
|---|---|---|---|
| | • സംഖ്യാകാർഡ് നിർമ്മാണം | | |
| ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു<br>അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു<br>• കൂടുതൽ, കുറവ് തിരിച്ചറിയുന്നു.<br>• ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ആഗസ്റ്റ് | ക്ലാസ്ടീച്ചർ |
| <br><br>രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം<br>രണ്ട് ഒറ്റക്ക സംഖ്യകളുടെ വ്യവകലനം<br>ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത | • സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>• സംഖ്യാഗാനങ്ങൾ ആലപിക്കൽ<br>• ഒറ്റക്കസംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>• ഒറ്റക്കസംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് | സെപ്റ്റംബർ | ക്ലാസ്ടീച്ചർ |

[illegible]

ഉപമേഖല :- ഗണിതം

ക്ലാസ് :- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| • ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുന്നു | • ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെടുന്നു<br>• ചിത്രങ്ങൾക്ക് നിറം കൊടുക്കുകയും, ചിത്ര പാറ്റേണുകൾ പൂർത്തീകരിക്കുകയും നിറം നൽകുകയും ചെയ്യുന്നു. | ജൂൺ | ക്ലാസ്ടീച്ചർ |
| ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു. | • സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു<br>• സംഖ്യാകാർഡ് നിർമ്മിക്കൽ | | |
| ഒറ്റസംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു. വായിക്കുന്നു | • ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ | ക്ലാസ്ടീച്ചർ |

## മാർച്ച്

- ലളിതമായ ചിത്രകഥാ പുസ്തകങ്ങൾ, സചിത്രപുസ്തകങ്ങൾ എന്നിവ വായിക്കുന്നു.
- തന്മയ നിർമ്മിത കഥകൾ വായിക്കൽ
- വായനാ കാർഡുകൾ വായിക്കൽ
- ബാലസാഹിത്യ കൃതികൾ സ്വതന്ത്രമായ വായന.

സ്വന്തം ആശയങ്ങൾ എഴുതി പ്രകടിപ്പിക്കൽ

- ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ
- എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ .
- ഡയറി എഴുത്ത്
- കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ
- കുഞ്ഞെഴുത്ത് - എഴുത്തിന്റെ ലോകത്തേക്ക് കുഞ്ഞുങ്ങളെ എത്തിക്കാൻ
- ഉതകുന്ന ലഘുരചനകൾ
- രചനോത്സവം - ചിത്രങ്ങളിൽ നിന്ന് കഥ വികസിപ്പിച്ചെഴുതൽ

| | | | |
|---|---|---|---|
| ...സംഖ്യക...ളുടെ വ്യാഖ്യാനം | ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു<br>• ഗണിതത്തൽ ബം പി.ടി.എ.യിൽ പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി | ക്ലാസ്ടീച്ചർ CPTA |
| | • വിലവിവരപ്പട്ടിക, പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>• ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു<br>• ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.<br>• ഉല്ലാസഗണിതം പ്രവർത്തനങ്ങൾ | മാർച്ച് | ക്ലാസ്ടീച്ചർ |
| സംഖ്യകളെ പകുതി, തുല്യം എന്നിങ്ങനെ വിശദീകരിക്കുന്നു | • സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു. | | |

| | | | | |
|---|---|---|---|---|
| | ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു | | | |
| 11 | സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിലാക്കുന്നു | • സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുന്നു<br>• ഗണിത ആൽബം തയ്യാറാക്കൽ | ഡിസംബർ | ക്ലാസ്ടീച്ചർ |
| 12. | ഒറ്റക്കസംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു | • ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | ജനുവരി | ക്ലാസ്ടീച്ചർ |

| | | | | |
|---|---|---|---|---|
| | സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു. | | | |
| 9 | | • ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ<br>• ഉല്ലാസഗണിത പ്രവർത്തനങ്ങൾ<br>• സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു | ഒക്ടോബർ | ക്ലാസ്ടീച്ചർ |
| 10 | ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന | • ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | നവംബർ | ക്ലാസ്ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം. Std II

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീടെസ്റ്റ്.<br>പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ജൂൺ - ജൂലായ് | ക്ലാസ് ടീച്ചർ. |
| * വായനാശേഷി വളർത്തൽ. | ക്ലാസ് വായനക്കൂടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>കുട്ടിയും രക്ഷിതാവും ചേർന്ന് വായന.<br>CPTA യിൽ വായിക്കാൻ അവസരം നൽകൽ. വായനോത്സവം.<br>റീഡേഴ്സ് തിയേറ്റർ - മികവ് സ്കൂൾ അസംബ്ലിയിൽ അവതരണം. | ജൂൺ - മാർച്ച്. | ക്ലാസ് ടീച്ചർ |
| * കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നതിന്. | പാട്ടരങ്ങ്.<br>കുട്ടിക്കവിതകൾ വായിച്ച് ഒറ്റയ്ക്കും സംഘമായും ചൊല്ലൽ.<br>ഈണം, താളം, ഭാവം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കൽ. | ജൂൺ - മാർച്ച്. | ക്ലാസ് ടീച്ചർ രക്ഷിതാവ്. |

october

- Picture description
- Story telling
- word web

November

- word chain
- Simple sentence reading
- writing skill

December

- Simple dialogues
- riddles
- Pick out familiar words

January

- Make picture albums
- Enjoy songs and sings with Rhythm
- Picture collection (animals & youngones)

February

- Introducing myself
- Roleplay

March

- Read and write simple sentences
- Speak in english for classroom interactions.
- Picture reading and picture description

## English

Aim : To speak, read, and write English without any mistake.

### June

- To develop listening skills and reading skills- by showing pictures, simple sentences etc...

### July

- Description, picture reading, growing sentences, riddles etc...
- Reading simple news headlines pick the words they know.
- Find words from reading materials.
- Rhyming words.

### August

- Describing words from text book activities

### September.

- Make word web.
- picture description

| | | |
|---|---|---|
| Writing with correct Spelling | * picture description<br>* Growing sentences<br>* Make word web<br>* word chain. | |
| Developing Listening Skills | * stories presentation<br>* Action song<br>* Games | |

| OBJECTIVE | PROCESS | TIME PERIOD |
| --- | --- | --- |
| SPEAKING<br>Fluently and Confidently | * One day English<br>* English Assembly<br>* Riddles presentation<br>* Story telling | June<br>TO<br>March |
| READING | * Building reading cards<br>* class library<br>* Reading Competetion | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
| --- | --- | --- |
| സമാന കവിതകൾ കണ്ടെത്തി ചൊല്ലൽ. CPTA യിൽ/ അവതരിപ്പിക്കൽ. അസംബ്ലിയിൽ | | |
| പാഠഭാഗത്തിലെ ചിത്രങ്ങളുമായി ബന്ധപ്പെട്ട ടെക്സ്റ്റ് തയ്യാറാക്കണം. വിവിധ വ്യവഹാരരൂപങ്ങളിലൂടെ ലേഖനങ്ങളിലൂടെ അവസരം ഒരുക്കൽ. വിവരണം, കഥ, സംഗ്രഹക്കുറി, സംഭാഷണം, കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച്. | ക്ലാസ് ടീച്ചർ |
| ചിത്രരചന, സ്വന്തം രചനയ്ക്ക് (കടം കവിത) അനുയോജ്യമായ ചിത്രങ്ങൾ നൽകൽ. പതിപ്പ് തയ്യാറാക്കൽ. പോസ്റ്റർ കോർണർ, സന്ദർഭങ്ങൾ നൽകിയ കൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |

# U P S THANIKKUDAM

## ACADEMIC MASTER PLAN

**ENGLISH** **CLASS : 3**

| OBJECTIVE | PROCESS | TIME PERIOD |
|---|---|---|
| **Speaking** fluently and confidently | • Show and tell<br>• Story telling<br>• Speaking in morning assembly | |
| **Reading** fluently with comprehending ideas | • Developing class library<br>• News reading competition<br>• Building reading cards. | |
| **Writing** With correct spelling and punctuation | • Completing sentences from prompts.<br>• Picture description<br>• Building stories from picture. | |

## അക്കാദമിക മാസ്റ്റർ പ്ലാൻ — ഗണിതം. ക്ലാസ് - II

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| ഗണിത കേളികൾ - കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാകുന്നു. ഗണിത പഠനത്തിൽ താല്പര്യമുണ്ടാകുന്നു. | വ്യത്യസ്ത ഗണിതക്കളികളിൽ ഏർപ്പെടാൻ അവസരം നൽകുന്നു. [പാമ്പും കോണിയും, നൂറാം കോല്, അബാക്കസ്, ഡൈസ് കളി - - - ]. കൂട്ടുകാരെ കണ്ടെത്താം - സങ്കലനം. ഉല്ലാസഗണിതം പ്രവർത്തനങ്ങൾ നൽകൽ. | ജൂൺ - മാർച്ച് | ടീച്ചർ. |
| ഗണിത കിറ്റ്. ഗണിത ശേഷികൾ എളുപ്പത്തിലും രസകരമാക്കുന്നതിന്. | 10 ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, മുത്തുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ ഓരോ കുട്ടിക്കും തയ്യാറാക്കൽ. | ജൂൺ - മാർച്ച് | ടീച്ചർ രക്ഷിതാവ്. |
| ജ്യാമിതിയ രൂപങ്ങൾ ഉപയോഗിച്ചിട്ട് [illegible] | വിവിധ ജ്യാമിതിയ രൂപങ്ങൾ പരിചയപ്പെടാനുള്ള പ്രവർത്തനങ്ങൾ [illegible] | ജൂൺ | ടീച്ചർ. |

അക്കാദമിക മാസ്റ്റർ പ്ലാൻ. — പരിസരപഠനം. ക്ലാസ് - II

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| • ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു. അപഗ്രഥിച്ച് നിഗമനങ്ങളിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിലേർപ്പെടുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |
| • കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപ്രോജക്ടുകളിൽ ഏർപ്പെട്ട് വിശകലനം ചെയ്യുന്നു. നിരീക്ഷണങ്ങളും വർഗീകരണവും അപഗ്രഥനം എന്നിവയിലൂടെ നിഗമനങ്ങളിലെത്തുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ |
| നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ ഏതൊക്കെ ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുന്നു എന്ന് തിരിച്ചറിയൽ. | ഭക്ഷ്യമേള, പാചകമേള, എന്നിവ രക്ഷിതാക്കളുടെ സഹായത്തോടെ ചെയ്യുന്നു. ആഹാരശീലങ്ങൾ | സെപ്റ്റംബർ/ ഒക്ടോബർ | ക്ലാസ് ടീച്ചർ രക്ഷിതാവ്. |

* മേഖല . ജ്യാമിതീയം  * ഉപമേഖല - [illegible]

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. ആകർഷമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ. പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | |
| * ഗണിതം ലളിതമാക്കാം കളികളിലൂടെ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| * ഗണിത ചിന്താശേഷി വളർത്തൽ | കുസൃതിക്കണക്കുകൾ, പസിലുകൾ പരിചയപ്പെടൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | · ചെടികൾ നിരീക്ഷിക്കുന്നു<br>പ്രകൃതി നടത്തം<br>വിത്ത് മുളപ്പിക്കൽ<br>വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>· പരിസ്ഥിതി ദിനാചരണം<br>· ഹെർബേറിയം നിർമ്മാണം | SRG. |
| ജൂലൈ | വ്യത്യസ്തതരം ജീവികളെ നിരീക്ഷണം<br>ചിത്ര ശേഖരണം<br>മണ്ണ് നിരീക്ഷണം<br>ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം<br>— ശലഭങ്ങൾ വരുന്ന ചെടികൾ | PTA SRG. |
| വർഷം മുഴുവൻ | സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG, PTA |
| ഓഗസ്റ്റ് | മഴമാപിനി നിർമ്മാണം, ജലസംരക്ഷണ poster നിർമ്മാണം, കിണർ സന്ദർശനം, മണ്ണ് നിരീക്ഷണം, മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>[illegible] | SRG. |

# സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

## ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം. | * കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജൂൺ | അധ്യാപകർ | |
| | * പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ, ഡിസംബർ | മലയാളം അധ്യാപകർ | |
| വായന പരിപോഷണം | * ചിത്ര ഗ്യാലറി | ജനുവരി | പി.ടി.എ. മദർ പി.ടി.എ, അധ്യാപകർ | |
| | * പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം. | | * വായനശാല | |
| | * വായനക്കുറി | നവംബർ | | |
| | * നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഴ്ച തോറും. ആഗസ്റ്റ് | * സാഹിത്യ ക്ലബ്ബ്. | |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന വരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിവാരം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർധിപ്പിക്കുന്നതിന് സാഹിത്യകാരന്മാരുമായി [illegible] | സാഹിത്യകാരന്മാരുമായി വിദ്യാലയത്തിൽ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മക രചനാശേഷി വികസനം | ഒരു ടേമിലൊരിക്കൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | ഒരു ടേമിൽ ഒരിക്കൽ | HM<br>Class teacher<br>English teacher | |
| ഇംഗ്ലീഷ് കയ്യെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ/വീട്ടിലെ വിശേഷങ്ങൾ ചേർത്ത് ഡയറി കുറിപ്പുകൾ തയ്യാറാക്കൽ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ | | | | |
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ വായനാവേളകൾ വായനാക്കുറിപ്പ്. തയ്യാറാക്കൽ | ആഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായന മത്സരം<br>രചന മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി/ മാർച്ച് മാസത്തിൽ | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>മറ്റ് അധ്യാപകർ | |

# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാപഠനം) | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്താൻ | • ഇംഗ്ലീഷ് പ്രാർഥന ചൊല്ലൽ<br>* English pledge<br>* News reading<br>* Thought of the day | വർഷം മുഴുവൻ (ബുധനാഴ്ചകളിൽ) | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാപഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാപഠനം) | | | | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>- Skit, drama, conversation, story telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ | |

| | | |
|---|---|---|
| **ശാസ്ത്ര വിസ്മയ ചുമർ** | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവു-മായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം |
| **ശാസ്ത്രോത്സവം** | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ഡസംശ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ |
| **ശാസ്ത്രമാസിക** | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് |

# യു പി എസ് താണിക്കുടം

## അക്കാദമിക മാസ്റ്റർ പ്ലാൻ

### പരിസര പഠനം

ക്ലാസ് - 4

| | | |
|---|---|---|
| **പ്രകൃതി നടത്തം** | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| **ശാസ്ത്രമൂല** | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ |
| **ഭൂപടമൊരുക്കാം** | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളും ഉപയോഗിക്കൽ | വർഷത്തിലൊന്ന് |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

①

# LP സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | • സംസ്കൃത ഭാഷാപഠനം | | | | |
| 1 | പരസ്പരം പരിചയപ്പെടൽ (സംസ്കൃതത്തിൽ) | * സംസ്കൃതത്തിൽ പേരു പറയുന്നു<br>* വീട്ടിൽ ആരൊക്കെയുണ്ട്?<br>* എവിടെ താമസിക്കുന്നു?<br>* എവിടെ പഠിക്കുന്നു? | ജൂൺ | ക്ലാസ് റൂം | സംസ്കൃതം അധ്യാപിക |
| 2 | അക്ഷരപരിചയം | * സംസ്കൃതം അക്ഷരങ്ങൾ പരിചയപ്പെടുന്നു.<br>* അക്ഷര കാർഡുകൾ<br>* അക്ഷരമാലാ പ്രദർശനം<br>* അക്ഷരമാലാ കളികൾ | ജൂൺ - മാർച്ച് | ചാർട്ട്, കാർഡുകൾ | " |
| 3 | കവിതാ ശ്രവണം, ആലാപനം | * ബാല കവിതകൾ കേൾക്കുന്നു.<br>* കവിതകൾ ആലപിക്കുന്നു. | ജൂൺ - മാർച്ച് | പാഠപുസ്തകം ICT | " |

| | | | |
|---|---|---|---|
| മിനിച്ചൂറിയൽ<br><br>* ഗണിത പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ |
| | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | വർഷത്തിൽ ഒരിക്കൽ | ക്ലാസ്ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പ്രായോഗിക വിലയിരുത്തൽ |
| --- | --- | --- | --- | --- |
| ഗണിതപഠനം രസകരമാക്കൽ<br>ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ<br>മൂല്യനിർണയം (ഏണിയും പാമ്പും, ലൂഡോ കളി) സങ്കലനം- വ്യവകലനം ക്രിയ വഴി) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| * ഗണിത ചിന്താശേഷി വളർത്തൽ | ലൂഡോ കളി<br>സങ്കലനം - വ്യവകലനം ക്രിയവഴി ജ്യാമിതീയരൂപങ്ങൾ, ഗണിത പസിലുകൾ പരിചയപ്പെടൽ | ആഴ്ചയിൽ ഒരു ദിവസം | SRG ക്ലാസ്ടീച്ചർ | |
| * ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിതശാസ്ത്രപഠനം രസകരമാക്കൽ - കൈചലനശേഷി വികാസം | ഒറിഗാമി ഉപകരണങ്ങളുടെ നിർമാണം, പ്രദർശനം, ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ, പ്രദർശിപ്പിക്കൽ | ജൂലൈ | SRG ക്ലാസ്ടീച്ചർ | |
| * ഗണിതലാബ് - ഗണിതരൂപങ്ങളുടെ പ്രായോഗികമൂല്യ | | | | |

| Aims | Activity | Month | In charge | Finance |
| --- | --- | --- | --- | --- |
| · Creating awareness about drug abuse, traffic signals & rules, cleanliness, green campus, world environment day. | · Making placards, posters, collage.<br>· Awareness classes.<br>· Distributing saplings.<br>· Making seedballs<br>· Skits<br>· Special assembly | June 1st week | Class teachers | |
| · Creating awareness about health, exercise, digital discipline, protecting public properties, importance of mutual co-operation. | · Making placards, posters, collage.<br>· Awareness classes<br>· Dis | June 2nd week | Class teachers | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|
| ലഘുപ്രഭാഷണങ്ങളുടെ അവതരണം | * ദിനാചരണങ്ങളിൽ അതത് ദിവസങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുറഞ്ഞത് 5 വരിയെങ്കിലും അവതരിപ്പിക്കുക. | ജൂൺ-മാർച്ച് | T.B<br>ICT<br>പുസ്തകങ്ങൾ |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ. | * പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>* പ്രത്യേകം പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ്റൂം |

| | | | കാലാവധി | ഭൗതികം | പൂരക |
|---|---|---|---|---|---|
| | | * കവിതാലാപന മത്സരങ്ങൾ നടത്തുന്നു. | | | |
| 4 | ചിഹ്നങ്ങൾ ഉറപ്പിക്കൽ | * ചിഹ്നങ്ങൾ ചേർത്ത് അക്ഷരങ്ങൾ വായിക്കുന്നു, എഴുതുന്നു.<br>* അക്ഷരങ്ങളെ തിരഞ്ഞു കണ്ടെത്തിയിക്കാൻ (കളി) | ജൂൺ - മാർച്ച് | കാർഡുകൾ, B.B | സംസ്കൃതാ-ധ്യാപിക |
| 5 | സംസ്കൃതപദങ്ങൾ പരിചയപ്പെടുന്നു. | * പക്ഷികൾ, മൃഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ പേരുകൾ.<br>* ക്ലാസ് റൂമിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ പേരുകൾ<br>* സംഖ്യകൾ, നിറങ്ങൾ, ആഴ്ചകളുടെ പേരുകളിവ. | " | ചിത്രചാർട്ടുകൾ, ICT സാദ്ധ്യതകൾ. | " |

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും ഉപയോഗവും വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളും പ്രയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ |

| | | | | |
|---|---|---|---|---|
| 5) Listening to English movies | IT period activities. Play English movies and the students listen | Once in a month | IT teacher | |
| 6) Story writing | Particular guidelines and topics will be given and on the basis of it they can develop stories. | | | |
| 7) Elaborating vocabulary | Each student has to study five new English words and writes it on sticky notes and paste it under their names on the chart. Those who have more words will be awarded every month. | Once in a week. | English teacher & students. | |

[illegible] മാസ്റ്റർ പ്ലാൻ :- യു.പി. അടിസ്ഥാനശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷികവൃത്തി ചെയ്യുന്നവരോടുള്ള ആദരവും താല്പര്യം വളർത്തുക. പ്രകൃതിയെ സ്നേഹിക്കുന്ന മനോഭാവം വളർത്തുക. | ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ ഔഷധസസ്യങ്ങളും, പച്ചക്കറികളും എന്നിവ നിർമ്മിച്ച് പരിപാലിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് പരിസ്ഥിതി ക്ലബ് | പിടിഎ, സ്റ്റാഫ് |
| ജീവിതസാഹചര്യങ്ങളിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയൽ | പ്രകൃതിപഠനം - കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പൂക്കളെ അറിയാൻ യാത്രകൾ, കുളം നിരീക്ഷണം. പരിസരത്തെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ. | ജൂൺ ജൂലൈ. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് പരിസ്ഥിതി ക്ലബ് | ക്ലബ് പിടിഎ |
| | പരീക്ഷണ കളരി - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ശാസ്ത്രകിറ്റുകൾ സ്വന്തമായി തയ്യാറാക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ശാസ്ത്രക്ലബ് | രക്ഷിതാക്കൾ അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മകശേഷി വളർത്തൽ | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | സ്കൂൾ അധ്യാപകർ |
| 6. കുട്ടികളുടെ ശേഷിയിൽ ഉണർവ്. പഠനം അവതരണ വിദ്യ | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കൽ, പത്ര സ്വാദനം, സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കൽ | പ്രതിമാസം. | അധ്യാപകർ സ്കൂൾ ലീഡർ |

| | | | |
|---|---|---|---|
| 2) പത്രങ്ങൾ<br>അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തൽ | <u>വാർത്താലോകത്തേക്ക്</u><br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പത്രങ്ങൾ വായിക്കുന്നതിന്റെ പ്രാധാന്യത്തെ ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്ന വാർത്താവായന | എല്ലാദിവസവും | മലയാളം അധ്യാപകൻ |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു ക്ലാസ്തലത്തിൽ വായന നടത്തുന്നു | പ്രതിമാസം | മലയാളം അധ്യാപിക |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിവാരം | |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പത്രങ്ങളുടെ സർഗ്ഗശേഷി വളർത്തൽ | <u>സംവാദം മുഖാമുഖം</u><br>സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖം സംഘടിക്കാം | | ക്ലാസ്ടീച്ചർ<br>മലയാളം അധ്യാപിക |

| | | | | |
|---|---|---|---|---|
| 4. ഗണിത മേളകളിൽ കുട്ടികളുടെ നൈപുണ്യം വർധിപ്പിക്കൽ. | ഗണിത പസിലുകളും കളികൾ ആവശ്യമായ ക്ലാസുകൾ നടത്തൽ. ഗണിത അറിവ് കുട്ടികൾക്ക് വഴികൾ പരിശീലനം ചെയ്യുന്നതൽ. | ആവശ്യമായ സമയം | ഗണിത ക്ലബ്ബ്, അധ്യാപിക. | |
| 5. ആധുനിക ഗണിത സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്തൽ. | ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് - ക്ലാസിലെ ജ്യാമിതി പഠനങ്ങൾ കൂടി സാധ്യതകളിലൂടെ ഉപയോഗപ്പെടുത്തൽ. | മാസത്തിൽ ഒരു വട്ടം | ഗണിത അധ്യാപിക ഗണിത ക്ലബ്ബ്. | ഗണിതക്ലബ് P. T. A |
| 6. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിത കഴിവ് ഉണ്ടാക്കാം ഉറപ്പിക്കൽ. | പസിൽ ബോക്സ്:- വിവിധ തരം പസിലുകൾ ഓരോ ദിവസവും കുട്ടികൾക്ക് ക്ലാസിൽ അവതരിപ്പിക്കുന്നു | ജൂൺ - ഡിസംബർ | ഗണിത അധ്യാപിക | |
| 7. ഗണിത ചിന്ത വളർത്തൽ. | ഗണിത നിഘണ്ടു:- പുതിയ ഗണിത വാക്കുകൾ എഴുതുന്നു. | ജൂൺ - ഡിസംബർ | ഗണിത അധ്യാപിക | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| 1. ഗണിത ചിന്ത വർദ്ധിപ്പിക്കൽ. അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കളിലും ഉറപ്പുവരുത്തൽ. | ഗണിത ശില്പശാല :- മഞ്ചാടി, [illegible], നമ്പർ ചാർട്ട് തുടങ്ങിയവയിലൂടെ അടിസ്ഥാന ശേഷികൾ ഉറപ്പു വരുത്തുന്നു | ജൂൺ | ഗണിത അദ്ധ്യാപിക | |
| 2. സർഗാത്മക ഗണിത ചിന്തന വ്യാപനവും അക്കാദമിക ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല :- വിവിധ രൂപങ്ങൾ കടലാസുകൾ ഉപയോഗിച്ച് നിർമ്മാണം. | ആഴ്ചയിൽ 2 പ്രാവശ്യം | ഗണിത അദ്ധ്യാപിക | ഗണിത ക്ലബ്ബ് P.T.A |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സജീവമാക്കൽ. | ഗണിത ലാബ് വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജീകരണം. | ആവശ്യാനുസരണം | ഗണിത അദ്ധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വികസിപ്പിക്കുക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർധിപ്പിക്കുക | വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. ആധുനിക ശാസ്ത്ര കണ്ടെത്തലുകൾ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ശാസ്ത്ര ക്ലബ് | പിടിഎ |
| | ശാസ്ത്രമേള - പ്രോജക്ടുകളും പാഠഭാഗവുമായി ബന്ധപ്പെട്ട സാമഗ്രികൾ, ഉൽപന്നങ്ങൾ, ശാസ്ത്ര ടീച്ചിംഗ് എയ്ഡ് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് അംഗങ്ങൾ | [illegible] |
| ശാസ്ത്രപഠനം രസകരമാക്കുന്നതിനായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞന്മാർ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | ശാസ്ത്രാധ്യാപകർ |

| | | | | |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പിന്നോക്കാവസ്ഥ നേരിടുന്നവർക്കും, രോഗബാധിതരായവർക്കും വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന ചെറു സമ്പാദ്യം, വസ്ത്രം, ഒരു നേരത്തെ ആഹാരം എന്നീ സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമായ വിവിധതരത്തിലുള്ള മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തി (ജലാശയങ്ങളിൽ, കൃഷിയിടങ്ങളിൽ സംഭവിച്ച മാറ്റം) സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3. ജനാധിപത്യപരമായ ജീവിതശൈലി രൂപപ്പെടുത്തുക. | ജനാധിപത്യപരമായ തെരഞ്ഞെടുപ്പു രീതി ക്ലാസിൽ അവതരിപ്പിച്ച് കുട്ടികൾക്ക് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. ലോകസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതി മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും ICT ഉപയോഗിച്ച് അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ Demonstration ക്ലാസുകളുടെ വീഡിയോ ക്ലാസിൽ പ്രദർശിപ്പിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി വിഭാഗം സോഷ്യൽ സയൻസ് 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അക്കുത്തിക്കുത്ത് - കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചിത്രകാർഡുകൾ ചോദ്യങ്ങൾ എന്നിവ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസ്സിലാക്കുന്നു | * ഹിന്ദി പത്രിക തയ്യാറാക്കൽ | സെപ്തംബർ 14 | 5,6,7 | ഹിന്ദി അധ്യാപിക |
| ഭാഷാജ്ഞാനം വർദ്ധിപ്പിക്കൽ | * കഥാവായന<br>* കഥാരചന<br>* ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>* വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | 5,6,7 | " |
| വിശ്വഹിന്ദി ദിനം [illegible] | * പോസ്റ്റർ നിർമ്മാണം, പ്രസംഗം | ജനവരി | 5,6,7 | " |
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ | | | |

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ സ്ക്കൂൾതലം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലനിർണ്ണയം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| 1. | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | * ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപക, Hindi club |
| 2. | റോഡ് സുരക്ഷ | * റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ | ജൂൺ 4 | 6,7 | " |
| 3. | പരിസ്ഥിതി ദിനം | * വ്യക്തിശുചിത്വം, പരിസര ശുചിത്വം ഹരിത സ്കൂൾ എന്നിവയുടെ ആവശ്യകതയെ കുറിച്ച് മനസിലാക്കുന്നു | ജൂൺ 5 | 6,7 | " |
| 4. | വായനാദിനം | * ഹിന്ദി ക്ലബ്ബ് രൂപീകരണം | ജൂൺ 19 | 5,6,7 | " |

| | | | | |
|---|---|---|---|---|
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചുമതല |
| --- | --- | --- | --- | --- | --- |
| | | സംസ്കൃത പാഠങ്ങൾ, ലഘുസംഭാഷണങ്ങൾ.<br>* ചിത്രങ്ങൾ നിരീക്ഷിച്ച് ലഘുവാക്യങ്ങൾ പറയൽ. | ജൂൺ - ഒക്ടോബർ | ചിത്രങ്ങൾ<br>ICT | സംസ്കൃതം അധ്യാപിക |
| 2 | വീട് ഒരു പരീക്ഷണശാല | * വീട്ടിൽ ഉപയോഗിക്കുന്നതും കാണുന്നതുമായ വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>* ബന്ധുവാചകശബ്ദങ്ങൾ പരിചയപ്പെടുന്നു.<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | ഓഗസ്റ്റ് - ഒക്ടോബർ | സംസ്കൃതം നിഘണ്ടു<br>ICT | " |
| 3 | വായനാലോകം (കുട്ടിയെ സംസ്കൃതം വായിക്കാൻ പ്രേരിപ്പിക്കുക | * സംസ്കൃത ലൈബ്രറി സജ്ജീകരണം<br>* ഓരോ സംസ്കൃതം പിരീഡിലും | ജൂൺ - മാർച്ച് | ലൈബ്രറി ക്ലാസ്സ്റൂം | " |

UP - സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചുമതല |
|---|---|---|---|---|
| യു.പി.തല-ത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷാജ്ഞാനം<br>* അക്ഷരങ്ങളുടെ ഉച്ചാരണം, ലേഖനം<br>* ചിഹ്നങ്ങളുറപ്പിക്കൽ<br>* അക്ഷരകാർഡുകൾ (അക്ഷരങ്ങളെ തിരിച്ചറിയൽ)<br>* വാക്കുകളെഴുതിയ കാർഡുകൾ<br>* അക്ഷരമാലാ പ്രദർശനം<br>* അക്ഷരമാലാ കളികൾ<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക.<br>2. പറയാം പഠിക്കാം<br>* ചിത്രത്തിൽ കാണുന്നവയുടെ പേരുകൾ സംസ്കൃതത്തിൽ പറയൽ.<br>* നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന | ജൂൺ - ആഗസ്റ്റ് | അക്ഷര കാർഡുകൾ, വാക്കുകളെഴുതിയ കാർഡുകൾ<br>ചാർട്ട്<br>T. B<br>I.C.T | സംസ്കൃതം അധ്യാപിക<br>PTA |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|---|
| | പാഠങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരമാല പ്രദർശനം<br>* വാക്കുകൾ, വാക്യങ്ങൾ നിർമ്മാണം | June to November | 5,6,7 | ഹിന്ദി അധ്യാ[illegible] |
| 9. | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുന്നു. | Sep to NoV | " | " |
| 10. | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാൻ ഉള്ള അവസരം. വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ക്ലാസ് ലൈബ്രറി<br>* അധിക വായനാ സാമഗ്രികൾ<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | 1 വർഷം | 5,6,7 | " |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | | * മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | | | |
| 6 | ആസ്വാദന ശേഷി വർദ്ധിപ്പിക്കൽ, സഭാകമ്പ നിവാരണം. | * മാസത്തിലൊരിക്കൽ സംസ്കൃത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മത്സരങ്ങൾ നടത്തുന്നു.<br>* എഴുതുവാനും, പറയുവാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് റൂം | സംസ്കൃത അധ്യാപി[illegible] |
| 7 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ. | * പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>* പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | സംസ്കൃതം അധ്യാപി[illegible] |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|---|
| | | 5 മിനിറ്റ് അധ്യാപിക നിർദ്ദേശിക്കുന്ന കുട്ടികൾ നിർദ്ദേശിക്കുന്ന പാഠഭാഗം ഉറക്കെ വായിക്കുന്നു.<br>* നന്നായി വായിച്ചവരെ അഭിനന്ദിക്കുന്നു.<br>വായനാ മത്സരം നടത്തുന്നു. | | |
| 4 | സംസ്കൃതഭാഷാ പഠനനേട്ടങ്ങൾ | * ഇബ് ആപ്ലീകരണം<br>* പഠനോപകരണ നിർമ്മാണം<br>* കലണ്ടർ നിർമ്മാണം<br>* സംസ്കൃതദിനാചരണം<br>* സംസ്കൃത പ്രദർശനം<br>* സംസ്കൃത അസംബ്ലി | ജൂൺ- മാർച്ച് | ചാർട്ട്, പാഠപുസ്തകം. ICT |
| 5 | മത്സരപരീക്ഷകൾക്ക് തയ്യാറാ-കാൻ | * ഓരോ പാഠഭാഗവും പഠിപ്പിച്ചു കഴിഞ്ഞാൽ ആ പാഠഭാഗവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുന്നു. വിജയികളെ അഭിനന്ദിക്കുന്നു. | ജൂൺ- മാർച്ച് | T.B |